കിഴക്കേകല്ലട പഞ്ചായത്തിലെ കമ്മ്യൂണിറ്റിഹാൾ

371 [404] ശ്രീ. തോപ്പിൽ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കേകല്ലട പഞ്ചായത്ത് നിർമ്മിച്ച കമ്മ്യൂണിറ്റിഹാൾ വയറിംഗ് നടക്കാത്തതുമൂലം ഒരു വർഷത്തിലേറെയായി പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാൻ കഴിയാത്ത നിലയിൽ കിടക്കുകയാണെന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഹാൾ എത്രയും വേഗം വയറിംഗ് നടത്തി ഹാൾ തുറന്നുകൊടുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിലെ ഇലക്ട്രിക്ക് എൻജിനീയറിംഗ് വിഭാഗത്തിനോട് വയറിംഗ് ജോലിയുടെ എസ്റ്റിമേറ് ആവശ്യപ്പെട്ടിട്ടുണ്ട്. അത് കിട്ടുന്ന മുറക്ക് വയറിംഗ് ജോലികൾ ആരംഭിക്കുന്നതാണ്.

കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകൾ

372 [405] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ മൊത്തമുള്ള പഞ്ചായത്തുകളിൽ എത്രയെണ്ണത്തിന് സ്വയംപര്യാപ്തതയുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) അവിടെ മൈനസ് ഫണ്ടിൽ പ്രവർത്തിക്കുന്ന പഞ്ചായത്തുകൾ എത്രയുണ്ട്; ഏതെല്ലാം?

ഉത്തരം

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽപെടുന്ന ഒൻപതു പഞ്ചായത്തുകളിൽ പഴയകുന്നുമ്മൽ, നഗരൂർ, നാവായിക്കുളം, മുദാക്കൽ എന്നീ നാലു പഞ്ചായത്തുകൾക്ക് സ്വയംപര്യാപ്തതയുണ്ട്.

(ബി) മൈനസ് ഫണ്ടിൽ പ്രവർത്തിക്കുന്ന പഞ്ചായത്തുകൾ അഞ്ചെണ്ണമാണ്. കരവാരം, കിളിമാനൂർ, പള്ളിക്കൽ, മടവൂർ, പുളിമാത്ത് എന്നിവയാണ് ഈ പഞ്ചായത്തുകൾ.

LIBRARY ARCHIVES Kerala Legislative Assembly